വളരെ അടിയന്തിരം

നം.ഐ.ഇ.ഡി./10000/2019/ഡി.ജി.ഇ. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 10/10/2019.

# പരിപത്രം

വിഷയം: പൊതുവിദ്യാഭ്യാസം - പഠനവൈകല്യം - പരീക്ഷാനുകൂല്യങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് - സംബന്ധിച്ച്

സൂചന :
1) സ.ഉ.(സാധാ) നം.3095/19/പൊ.വി.വ. തീയതി, തിരുവനന്തപുരം, 30/07/2019.
2) സ.ഉ(കൈ) നം.133/2019/പൊ.വി.വ തീയതി : 30/08/2019.
3) എം.എച്ച്.ആർ.ഡി.യുടെ 04/01/2018 ലെ വിജ്ഞാപനം എസ്.ഒ.76(ഇ)
4) 04/10/2019 ബഹുമാനപ്പെട്ട പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം.

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്ന പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (1) ഉത്തരവ് മുഖേന പുറപ്പെടുവിച്ചിരുന്നു. വിദ്യാലയങ്ങളിലെ റിസോഴ്സ് അദ്ധ്യാപകർ, പരിശീലനം സിദ്ധിച്ച മറ്റദ്ധ്യാപകർ എന്നിവർ പഠനവൈകല്യമുള്ള കുട്ടികളെ സ്ക്രീനിംഗ് നടത്തി ഇതിനോടകം കണ്ടെത്തുകയും, മെഡിക്കൽ ബോർഡിന് മുമ്പിൽ ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. എന്നാൽ ഈ പ്രക്രിയ നാളിതുവരെ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലായെന്നും, സമയബന്ധിതമായി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലായെന്നും പല ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

ഇക്കാര്യം 04/10/2019 ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വിശദമായി ചർച്ച ചെയ്തു. മെഡിക്കൽബോർഡിന്റെ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി സമർപ്പിക്കുക എന്നത് അനിവാര്യമാണെന്ന് യോഗം വിലയിരുത്തി.

1) സ്കൂൾ അദ്ധ്യാപകർ/ റിസോഴ്സ് റ്റീച്ചർമാർ എന്നിവർ കണ്ടെത്തിയ പഠനവൈകല്യമുള്ള കുട്ടികളുടെ ലിസ്റ്റ് ക്രോഡീകരിച്ച് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതും ലഭിക്കാത്തതും എന്ന രീതിയിൽ തയ്യാറാക്കി 19/10/2019 നകം ഓരോ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകരും അതാത് ഡി.ഇ.ഓ. മുഖാന്തിരം ഡി.ഡി.ഇ. മാർക്ക് നൽകേണ്ടതാണ്. ഡി.ഡി.ഇ.മാർ ജില്ലാതല ലിസ്റ്റ് ഡയറക്ടറേറ്റിൽ നൽകേണ്ടതാണ്. പട്ടിക തയ്യാറാക്കുന്നതിനുള്ള മാതൃക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. (എക്സൽ ഫോർമാറ്റിൽ തയായാറാക്കണം)

2) നാളിതുവരെ പഠനവൈകല്യ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത അർഹതയുള്ള കുട്ടികളുടെ ലിസ്റ്റ് ഡി.ഇ.ഓ. തലത്തിൽ തയ്യാറാക്കി ആയതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരുമായി ഡി.ഡി.ഇ., ഡി.ഇ.ഓ. എന്നിവർ കൂടിയാലോചന നടത്തി 31/10/2019 നകം സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3) ഈ വർഷം മുതൽ ആർ.പി.ഡബ്ലിയു.ഡി. ആക്ടിന്റെ (RPWD Act) അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തതു പ്രകാരമുള്ള മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റും, ആയതിൻ പ്രകാരമുള്ള ആനുകൂല്യങ്ങളും മാത്രമേ പരീക്ഷാനുകൂല്യത്തിന് സ്വീകരിക്കുകയുള്ളൂ.

4) 31/10/2019 ന് ശേഷം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല. ആയതിനാൽ അർഹതയുള്ള കുട്ടികളുടെ സർട്ടിഫിക്കറ്റ് സമയബന്ധിതമായി ഹാജരാക്കുവാൻ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കേണ്ടതാണ്.

5) മേൽ സൂചന ഉത്തരവ് പ്രകാരം 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പഠന വൈകല്യം കണ്ടെത്തേണ്ടതാണ്. പഠനവൈകല്യ സർട്ടിഫിക്കറ്റ് ലഭിക്കുന്ന കാര്യത്തിൽ 10-ാം ക്ലാസ്സുകാർക്ക് മുൻഗണന നൽകേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും (ഡി.ഇ.ഒ. മുഖേന)

# അനുബന്ധം

## പഠനവൈകല്യമുള്ളതായി കണ്ടെത്തിയ കുട്ടികളുടെ പട്ടിക

| ക്രമ നമ്പർ | കുട്ടിയുടെ പേര് | ക്ലാസ്സും ഡിവിഷനും | സ്കൂളിന്റെ പേര് | മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ ? (ഉണ്ട് / ഇല്ല) |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

സ്ഥലം :
തീയതി :

ഉപഡയറക്ടറുടെ
ഒപ്പും പേരും

ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ
ഒപ്പും പേരും

പ്രധാനഅദ്ധ്യാപകന്റെ
ഒപ്പും പേരും